**മധുരമായ കുട്ടികളെ - തന്റെ ഹൃദയത്തിൽ കൈവെച്ച് ചോദിക്കൂ, ബാബ എന്താണോ കേൾപ്പിക്കുന്നത് അതെല്ലാം നമുക്ക് മുമ്പേ അറിയുമായിരുന്നോ, എന്ത് കേട്ടുവോ അതിനെ അർത്ഥ സഹിതം മനസ്സിലാക്കി സന്തോഷത്തിലിരിക്കൂ.**

**ചോദ്യം** : നിങ്ങളുടെ ഈ ബ്രാഹ്മണ ധർമ്മത്തിന് ഏറ്റവുമധികം ശക്തിയുണ്ട് - ഏത് ശക്തി, എങ്ങനെ?
**ഉത്തരം** : നിങ്ങളുടെ ഈ ബ്രാഹ്മണ ധർമ്മം അങ്ങനെയുള്ളതാണ് അത് മുഴുവൻ വിശ്വത്തിന്റെയും സദ്ഗതി ശ്രീമത്തിലൂടെ ചെയ്യുന്നു. ബ്രാഹ്മണർ തന്നെയാണ് മുഴുവൻ വിശ്വത്തെയും ശാന്തമാക്കുന്നത്. നിങ്ങൾ ബ്രാഹ്മണകുലഭൂഷണർ ദേവതകളെക്കാളും ഉയർന്നവരാണ്, നിങ്ങൾക്ക് ബാബയിലൂടെ ഈ ശക്തി ലഭിക്കുന്നു. നിങ്ങൾ ബ്രാഹ്മണർ ബാബയുടെ സഹയോഗികളായി മാറുന്നു, നിങ്ങൾക്ക് തന്നെയാണ് ഏറ്റവും വലിയ സമ്മാനം ലഭിക്കുന്നത്. നിങ്ങൾ ബ്രഹ്മാണ്ഡത്തിന്റെയും അധികാരി പിന്നീട് വിശ്വത്തിന്റെയും അധികാരിയായി മാറുന്നു.

**ഓം ശാന്തി**. മധുര- മധുരമായ ആത്മീയ കുട്ടികളെ പ്രതി ആത്മീയ അച്ഛൻ ഇരുന്ന് മനസ്സിലാക്കിത്തരുന്നു. ആത്മീയ കുട്ടികൾക്കറിയാം ആത്മീയ അച്ഛൻ തീർച്ചയായും ഒരേ ഒരു തവണ തന്നെയാണ് ഓരോ അയ്യായിരം വർഷം കൂടുമ്പോഴും വരുന്നത്. കല്പമെന്നാണ് പേര്, അത് പറയേണ്ടതുണ്ട്. ഈ നാടകത്തിന്റെ അഥവാ സൃഷ്ടിയുടെ ആയുസ്സ് അയ്യായിരം വർഷമാണ്, ഈ കാര്യങ്ങൾ ഒരേ ഒരു ബാബ തന്നെയാണ് ഇരുന്ന് മനസ്സിലാക്കിത്തരുന്നത്. ഇതൊരിക്കലും ഒരു മനുഷ്യന്റെയും മുഖത്തിലൂടെ കേൾക്കാൻ സാധിക്കില്ല. നിങ്ങൾ ആത്മീയ കുട്ടികൾ ഇരിക്കുകയാണ്. നിങ്ങൾക്കറിയാം വാസ്തവത്തിൽ നമ്മൾ എല്ലാ ആത്മാക്കളുടെയും അച്ഛൻ ഒന്നാണ്. ബാബ തന്നെയാണ് കുട്ടികൾക്ക് ഇരുന്ന് തന്റെ പരിചയം തരുന്നത്, ഏതാണോ ഒരു മനുഷ്യനു പോലും അറിയാത്തത്. ആർക്കും അറിയില്ല, ദൈവം അഥവാ ഈശ്വരൻ എന്ത് വസ്തുവാണെന്ന്, ഈശ്വരനെ ഗോഡ് ഫാദർ എന്ന് പറയാമെങ്കിൽ വളരെ സ്നേഹമുണ്ടായിരിക്കണം. പരിധിയില്ലാത്ത ബാബയാണെങ്കിൽ തീർച്ചയായും ബാബയിൽ നിന്ന് സമ്പത്തും ലഭിക്കുമായിരിക്കും. ഇംഗ്ലീഷിൽ നല്ല വാക്കാണ് പറയുന്നത് സ്വർഗ്ഗസ്ഥനായ പിതാവ്. സ്വർഗ്ഗമെന്ന് പറയുന്നത് പുതിയ ലോകത്തെയും പിന്നീട് നരകമെന്ന് പറയുന്നത് പഴയലോകത്തെയുമാണ്. എന്നാൽ സ്വർഗ്ഗത്തെ ആർക്കും അറിയില്ല. സന്യാസിമാരാണെങ്കിൽ അംഗീകരിക്കുന്നതേയില്ല. അവർ ഒരിക്കലും ഇങ്ങനെ പറയില്ല ബാബ സ്വർഗ്ഗത്തിൻെറ രചയിതാവാണെന്ന്. സ്വർഗ്ഗസ്ഥനായ പിതാവ് - ഈ അക്ഷരം വളരെ മധുരവുമാണ് ഒപ്പം സ്വർഗ്ഗം പ്രസിദ്ധവുമാണ്. നിങ്ങൾ കുട്ടികൾക്ക് സ്വർഗ്ഗത്തിന്റെയും നരകത്തിന്റെയും മുഴുവൻ സൃഷ്ടിയുടെയും ആദി - മദ്ധ്യ- അന്ത്യവും ബുദ്ധിയിൽ കറങ്ങുന്നുണ്ട്, ഏതെല്ലാം സേവാധാരികളുണ്ടോ, എല്ലാവരും ഒരേപോലെ സേവാധാരികളായി മാറുന്നില്ല.

നിങ്ങൾ നിങ്ങളുടെ രാജധാനി വീണ്ടും സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. നിങ്ങൾ പറയും നമ്മൾ ആത്മീയ കുട്ടികൾ ബാബയുടെ ശ്രേഷ്ഠത്തിലും വച്ച് ശ്രേഷ്ഠമായ മതത്തിലൂടെ നടക്കുകയാണ്. ഉയർന്നതിലും ഉയർന്ന ബാബയുടെ തന്നെ ശ്രീമത്താണ്. ശ്രീമദ്- ഭഗവദ്ഗീതയും വർണ്ണിക്കപ്പെട്ടിട്ടുണ്ട്. ഇതാണ് ആദ്യത്തെ ശാസ്ത്രം. ബാബയുടെ പേര് കേൾക്കുന്നതിലൂടെ തന്നെ പെട്ടെന്ന് സമ്പത്ത് ഓർമ്മ വരും. ലോകത്തിൽ ഇതാർക്കും അറിയില്ല ഗോഡ് ഫാദറിൽ നിന്ന് എന്താണ് ലഭിക്കുക എന്ന്. പ്രാചീന യോഗമെന്ന അക്ഷരം പറയാറുണ്ട്. എന്നാൽ മനസ്സിലാക്കുന്നില്ല പ്രാചീന രാജയോഗം ആരാണ് പഠിപ്പിച്ചത് ? അവർ കൃഷ്ണനാണെന്നേ പറയൂ എന്തുകൊണ്ടെന്നാൽ ഗീതയിൽ കൃഷ്ണന്റെ പേര് ഇട്ടിരിക്കുകയാണ്. ഇപ്പോൾ നിങ്ങൾ മനസ്സിലാക്കുന്നുണ്ട് ബാബ തന്നെയാണ് രാജയോഗം പഠിപ്പിച്ചത്, അതിലൂടെ എല്ലാവരും മുക്തിയും ജീവൻമുക്തിയും പ്രാപ്തമാക്കുന്നു. ഇതും മനസ്സിലാക്കുന്നുണ്ട് ഭാരതത്തിൽ തന്നെയാണ് ശിവബാബ വന്നിരുന്നത്, ബാബയുടെ ജയന്തിയും ആഘോഷിക്കാറുണ്ട്, എന്നാൽ ഗീതയിൽ പേര് അപ്രത്യക്ഷമായതുകൊണ്ട് മഹിമയും അപ്രത്യക്ഷമായി. ആരിൽ നിന്നാണോ മുഴുവൻ ലോകത്തിനും സുഖവും - ശാന്തിയും ലഭിക്കുന്നത്, ആ അച്ഛനെ തന്നെ മറന്നുപോയി. ഇതിനെ പറയുന്നതു തന്നെ - ഒരേ ഒരു തെറ്റിന്റെ നാടകം. ഏറ്റവും വലുതിലും വലിയ തെറ്റ് ബാബയെ അറിയാത്തതാണ്. ചിലപ്പോൾ പറയും ബാബ നാമരൂപത്തിൽ നിന്ന് വേറെയാണെന്ന്, പിന്നെ പറയും മത്സ്യത്തിന്റെയും കൂർമ്മത്തിന്റെയും അവതാരമാണെന്ന്. തൂണിലും -തുരുമ്പിലുമുണ്ടെന്ന്. തെറ്റിന്റെ മേൽ തെറ്റ് സംഭവിച്ചുകൊണ്ടിരിക്കുന്നു. ഏണിപ്പടി താഴേക്കിറങ്ങിക്കൊണ്ടേയിരിക്കുന്നു. കലകൾ കുറഞ്ഞുകൊണ്ടേയിരിക്കുന്നു, തമോപ്രധാനമായി മാറികൊണ്ടിരിക്കുന്നു. ഡ്രാമയുടെ പദ്ധതി അനുസരിച്ച് ഏതൊരു ബാബയാണോ സ്വർഗ്ഗത്തിലെ രചയിതാവ്, ആരാണോ ഭാരതത്തെ സ്വർഗ്ഗത്തിന്റെ അധികാരിയാക്കി മാറ്റിയത്, അവരെ തൂണിലും -തുരുമ്പിലുമുണ്ടെന്ന് പറയു

ന്നു. ഇപ്പോൾ ബാബ മനസ്സിലാക്കിതരുന്നു, നിങ്ങൾ ഏണിപ്പടി എങ്ങനെയാണ് ഇറങ്ങിവന്നത്, ഒന്നും ആർക്കും അറിയില്ല. ഡ്രാമ എന്താണ്, ചോദിച്ചുകൊണ്ടേയിരിക്കുന്നു. ഈ ലോകം എപ്പോൾ മുതലാണ് ഉണ്ടായത് ? പുതിയ സൃഷ്ടി എപ്പോഴാണോ ഉണ്ടായിരുന്നത് എന്ന് ചോദിച്ചാൽ പറയും ലക്ഷക്കണക്കിനുവർഷം മുൻപെന്ന്. മനസ്സിലാക്കുന്നു പഴയ ലോകത്തിലാണെങ്കിൽ ഇനിയും ഒരുപാടു വർഷങ്ങളുണ്ടെന്ന്, ഇതിനെ അജ്ഞതയുടെ അന്ധകാരമെന്നു പറയും. മഹിമയുമുണ്ട് ജ്ഞാനമാകുന്ന അഞ്ജനം സദ്ഗുരു തന്നപ്പോൾ അജ്ഞതയാകുന്ന അന്ധകാരം വിനാശമായി എന്ന്. നിങ്ങൾക്കറിയാം രചയിതാവാകുന്ന ബാബ തീർച്ചയായും സ്വർഗ്ഗം തന്നെ രചിക്കും. ബാബ തന്നെയാണ് വന്ന് നരകത്തെ സ്വർഗ്ഗമാക്കി മാറ്റുന്നത്. രചയിതാവാകുന്ന ബാബ തന്നെയാണ് വന്ന് സൃഷ്ടിയുടെ ആദി– മദ്ധ്യ– അന്ത്യത്തിന്റെ ജ്ഞാനം കേൾപ്പിക്കുന്നത്. വരുന്നതുതന്നെ അവസാനമാണ്. സമയമെടുക്കുമല്ലോ. ഇതും കുട്ടികൾക്ക് മനസ്സിലാക്കി തന്നിട്ടുണ്ട് ജ്ഞാനത്തിൽ ഇത്രയും സമയം എടുക്കുന്നില്ല, എത്രത്തോളമാണോ ഓർമ്മയുടെ യാത്രയിൽ എടുക്കുന്നത്. 84 ജന്മത്തിന്റെ കഥ ഒരു കഥയാണ്, ഇപ്പോൾ മുതൽ അയ്യായിരം വർഷങ്ങൾക്കപ്പുറം ആരുടെ രാജ്യമായിരുന്നുവോ, ആ രാജ്യം എവിടെപ്പോയി ?

നിങ്ങൾ കുട്ടികൾക്കിപ്പോൾ മുഴുവൻ ജ്ഞാനവുമുണ്ട്. നിങ്ങൾ എത്ര സാധാരണമാണ് അജാമിലനെപ്പോലെയുള്ള പാപികളെയും, അഹല്യകളെയും, കൂനികളെയും, കാട്ടാളത്തിയെയും എത്ര ഉയർന്നവരാക്കി മാറ്റുന്നു. ബാബ മനസ്സിലാക്കിതരുന്നു – നിങ്ങൾ എന്തിൽ നിന്ന് എന്തായി മാറിക്കഴിഞ്ഞു. ബാബ വന്ന് മനസ്സിലാക്കിതരുന്നു – പഴയ ലോകത്തിന്റെ അവസ്ഥ നോക്കൂ ഇപ്പോൾ എന്താണ് ? മനുഷ്യർ ഒന്നും അറിയുന്നില്ല സൃഷ്ടിയുടെ ചക്രം എങ്ങനെയാണ് കറങ്ങുന്നത് ? ബാബ പറയുന്നു തന്റെ ഹൃദയത്തിൽ കൈവെച്ച് ചോദിക്കൂ മുമ്പ് ഇതെന്തെങ്കിലും അറിയുമായിരുന്നോ ? ഒന്നുമില്ല. ഇപ്പോൾ അറിയാം ബാബ വീണ്ടും വന്നിട്ട് വിശ്വത്തിലെ ചക്രവർത്തി പദവി നൽകുന്നു. ആരുടെയും ബുദ്ധിയിൽ വരില്ല വിശ്വത്തിന്റെ ചക്രവർത്തി പദവി എന്താണ് എന്ന്. വിശ്വമെന്നാൽ മുഴുവൻ ലോകം. നിങ്ങൾക്കറിയാം ബാബ നമുക്ക് അങ്ങനെയുള്ള രാജ്യമാണ് നൽകുന്നത് അത് നമ്മളിൽ നിന്ന് പകുതി കല്പം വരെ ആർക്കും തട്ടിപറിക്കാൻ സാധിക്കില്ല. അതിനാൽ കുട്ടികൾക്ക് എത്ര സന്താഷമുണ്ടായിരിക്കണം. ബാബയിൽ നിന്ന് എത്ര തവണ രാജ്യമെടുത്തിട്ടുണ്ട്. ബാബ സത്യമാണ്, സത്യ ശിക്ഷകനുമാണ്, സത്ഗുരുവുമാണ്. എവിടെയും കേട്ടിട്ടേയില്ല. ഇപ്പോൾ അർത്ഥ സഹിതം നിങ്ങളാണ് മനസ്സിലാക്കുന്നത്. നിങ്ങൾ കുട്ടികളാണ്, ബാബയെ ഓർമ്മിക്കാൻ സാധിക്കുമല്ലോ. ഇന്നത്തെ കാലത്താണെങ്കിൽ ചെറുപ്പത്തിൽ തന്നെ ഗുരുക്കൻമാരുടെ അടുത്തേക്ക് പോകും. ഗുരുവിന്റെ ചിത്രമുണ്ടാക്കിയും കഴുത്തിൽ ഇടുന്നു അഥവാ വീട്ടിൽ വയ്ക്കുന്നു. ഇവിടെയാണെങ്കിൽ അൽഭുതമാണ് – ബാബയും, ടീച്ചറും , സത്ഗുരുവും എല്ലാം ഒന്നാണ്. ബാബ പറയുന്നു ഞാൻ കൊണ്ടുപോകാം. നിങ്ങളോട് ചോദിക്കും എന്താണ് പഠിക്കുന്നത് ? പറയൂ, ഞങ്ങൾ പുതിയ ലോകത്തിൽ രാജ്യഭാഗ്യം പ്രാപ്തമാക്കുന്നതിനുവേണ്ടി രാജയോഗം പഠിക്കുകയാണ്. ഇതാണ് രാജയോഗം. ഏതുപോലെയാണോ വക്കീലിന്റെ പഠിപ്പിന് തീർച്ചയായും ബുദ്ധിയോഗം വക്കീലുമായിട്ടായിരിക്കും. ടീച്ചറെ തീർച്ചയായും ഓർമ്മിക്കുമല്ലോ. നിങ്ങൾ പറയും നമ്മൾ സ്വർഗ്ഗത്തിന്റെ രാജ്യഭാഗ്യം പ്രാപ്തമാക്കാൻ വേണ്ടി പഠിക്കുകയാണ്. ആരാണ് പഠിപ്പിക്കുന്നത് ? ശിവബാബയാകുന്ന ഭഗവാൻ. ബാബയുടെ പേര് ഒന്ന് തന്നെയാണ് ഏതാണോ അറിയപ്പെടുന്നത്. രഥത്തിന് പേരൊന്നുമില്ല. എന്റെ പേര് ശിവനെന്ന് തന്നെയാണ്. ബാബ ശിവനും രഥം ബ്രഹ്മാവാണെന്നും പറയും. ഇപ്പോൾ നിങ്ങൾക്കറിയാം ഇതെത്ര അത്ഭുതകരമാണെന്ന്, ശരീരമാണെങ്കിൽ ഒന്നേയുള്ളൂ. ബ്രഹ്മാവിനെ ഭാഗ്യശാലി രഥമെന്ന് പറയുന്നത് എന്തുകൊണ്ടാണ് ? എന്തുകൊണ്ടെന്നാൽ ശിവബാബ പ്രവേശിച്ചിരിക്കുകയാണ് അപ്പോൾ തീർച്ചയായും രണ്ടാത്മാക്കളാണ്. ഇത് നിങ്ങൾക്കറിയാം മറ്റാർക്കും ഇത് ചിന്തയിൽ പോലും വരുന്നില്ല. ഇപ്പോൾ കാണിക്കുന്നുണ്ട് ഭാഗീരഥൻ ഗംഗയെ കൊണ്ടുവന്നു. എന്താണ് വെള്ളമാണോ കൊണ്ടുവന്നത് ? ഇപ്പോൾ നിങ്ങൾ പ്രത്യക്ഷത്തിൽ കാണുകയാണ് – എന്താണ് കൊണ്ടുവന്നത് ? ആരാണ് കൊണ്ടുവന്നത് ? ആരാണ് പ്രവേശിച്ചത് ? ബാബയല്ലേ പ്രവേശിച്ചത്. മനുഷ്യനിൽ വെള്ളം പ്രവേശിക്കില്ലല്ലോ. ജഡകളിൽ നിന്ന് വെള്ളം വരില്ലല്ലോ. ഈ കാര്യങ്ങളിലേക്ക് മനുഷ്യർ ഒരിക്കലും ചിന്തിക്കുന്നുപോലുമില്ല. പറയാറുമുണ്ട് – ധർമ്മം തന്നെയാണ് ശക്തി. ധർമ്മത്തിൽ ശക്തിയുണ്ട്. പറയൂ – ഏറ്റവും കൂടുതൽ ഏത് ധർമ്മത്തിനാണ് ശക്തിയുള്ളത് ? ( ബ്രാഹ്മണ ധർമ്മത്തിൽ ) അതെ ഇതു ശരിയാണ് , എന്തെല്ലാം ശക്തിയുണ്ടോ അത് ബ്രാഹ്മണ ധർമ്മത്തിൽ തന്നെയാണ്, വേറൊരു ധർമ്മത്തിനും ഒരു ശക്തിയുമില്ല. നിങ്ങൾ ഇപ്പോൾ ബ്രാഹ്മണരാണ്. ബ്രാഹ്മണർക്ക് ശക്തി ലഭിക്കുന്നത് ബാബയിൽ നിന്നാണ്, അതിലൂടെ പിന്നീട് നിങ്ങൾ വിശ്വത്തിന്റെ അധികാരിയായി മാറുന്നു. നിങ്ങളിൽ എത്ര വലിയ ശക്തിയാണുള്ളത്. നിങ്ങൾ പറയും നമ്മൾ ബ്രാഹ്മണ ധർമ്മത്തിലുള്ളവരാണെന്ന്. ആരുടെയും ബുദ്ധിയിലിരിക്കില്ല. ഒരു പക്ഷെ വിരാട രൂപം ഉണ്ടാക്കിയിട്ടുണ്ട് എന്നാൽ അതും പകുതിയാണ്. മുഖ്യ രചയിതാവിനെയും ആദ്യത്തെ രചനയെയും ആർക്കും അറിയില്ല. ബാബയാണ് രചയിതാവ്, ബ്രാഹ്മണരാണ് കുടുമ, ഇതിലാണ് ശക്തി. ബാബയെ

വെറും ഓർമ്മിക്കുന്നതിലൂടെ തന്നെ ശക്തി ലഭിക്കുന്നു. കുട്ടികൾ തീർച്ചയായും നമ്പർവൈസായിട്ടല്ലേ മാറുകയുള്ളൂ. നിങ്ങൾ ഈ ലോകത്തിൽ സർവോത്തമരായ ബ്രാഹ്മണകുല ഭൂഷണരാണ്. ദേവതകളെക്കാളും ഉയർന്നവരാണ്. നിങ്ങൾക്ക് ഇപ്പോൾ ശക്തി ലഭിക്കുന്നു. ഏറ്റവും കൂടുതൽ ശക്തിയുള്ളത് ബ്രാഹ്മണധർമ്മത്തിനാണ്. ബ്രാഹ്മണർ എന്താണ് ചെയ്യുന്നത് ? മുഴുവൻ വിശ്വത്തെയും ശാന്തമാക്കുന്നു. നിങ്ങളുടെ ധർമ്മമാണ് ശ്രീമതത്തിലൂടെ എല്ലാവരുടെയും സദ്ഗതി ചെയ്യുന്നത്. അപ്പോൾ ബാബ പറയുന്നു നിങ്ങളെ ഞാൻ എന്നെക്കാളും ഉയർന്നതാക്കി മാറ്റുന്നു. നിങ്ങൾ ബ്രഹ്മാണ്ഡത്തിന്റെയും അധികാരി, വിശ്വത്തിന്റെയും അധികാരിയായി മാറുന്നു. മുഴുവൻ വിശ്വത്തിലും നിങ്ങൾ രാജ്യം ഭരിക്കും. ഇപ്പോൾ പാടുന്നുണ്ടല്ലോ – ഭാരതം എന്റെ ദേശമാണെന്ന്. ചിലപ്പോൾ മഹിമയുടെ ഗീതം പാടുന്നു, പിന്നെ ചിലപ്പോൾ പറയുന്നു ഭാരതത്തിന്റെ അവസ്ഥയെന്താണ്.......! ഭാരതം ഇത്രയും ഉയർന്നതെപ്പോഴാണെന്ന് അറിയുകയേയില്ല ! മനുഷ്യർ മനസ്സിലാക്കുന്നു സ്വർഗ്ഗവും നരകവും ഇവിടെ തന്നെയാണെന്ന്, ആർക്കാണോ ധനവും വണ്ടിയുമെല്ലാം ഉള്ളത്, അവർ സ്വർഗ്ഗത്തിലാണെന്ന്. ഇതുപോലും മനസ്സിലാക്കുന്നില്ല സ്വർഗ്ഗമെന്ന് പറയുന്നതു തന്നെ പുതിയ ലോകത്തെയാണ്. ഇവിടെ എല്ലാം പഠിക്കണം. സയൻസിന്റെ നേട്ടവും പിന്നീട് അവിടെ പ്രയോജനത്തിൽ വരും. ഈ സയൻസും അവിടെ സുഖം നൽകുന്നു. ഇവിടെയാണെങ്കിൽ ഇതിൽ നിന്നെല്ലാം ഉള്ളത് അല്പകാലത്തെ സുഖം മാത്രമാണ്. അവിടെയാണെങ്കിൽ നിങ്ങൾ കുട്ടികൾക്കുവേണ്ടി ഇത് സ്ഥിരമായ സന്തോഷമായി മാറും. ഇവിടെ എല്ലാം പഠിക്കണം അത് പിന്നീട് സംസ്കാരമായി കൊണ്ടുപോകുന്നു. ഒരു പുതിയ ആത്മാക്കളും വരില്ല, അവിടെ പഠിക്കുന്നതിന്. ഇവിടുത്തെ കുട്ടികൾ തന്നെയാണ് സയൻസ് പഠിച്ച് സ്വർഗ്ഗത്തിലേക്ക് പോകുന്നത്. വളരെ സമർത്ഥശാലികളായി മാറും. എല്ലാ സംസ്കാരവും കൊണ്ടുപോകും പിന്നീട് അവിടെ പ്രയോജനപ്പെടും. ഇപ്പോൾ അല്പകാലത്തെ സുഖം മാത്രമാണുള്ളത്. പിന്നീട് ഈ ബോംബുകളെല്ലാം എല്ലാത്തിനെയും നശിപ്പിക്കും. മരണമില്ലാതെ എങ്ങനെ ശാന്തിയുടെ രാജ്യമുണ്ടാകും. ഇവിടെയാണെങ്കിൽ അശാന്തിയുടെ രാജ്യമാണ്. ഇതും നിങ്ങളിൽ നമ്പർവൈസായാണ് മനസ്സിലാക്കുന്നത്, നമ്മൾ ആദ്യമാദ്യം നമ്മളുടെ വീട്ടിലേക്കു തിരിച്ചു പോകും, പിന്നീട് സുഖധാമത്തിലേക്ക് വരും. സുഖത്തിൽ ബാബ വരുന്നതേയില്ല. ബാബ പറയുന്നു എനിക്കും വാനപ്രസ്ഥിയായ ശരീരം വേണമല്ലോ. ഭക്തിമാർഗ്ഗത്തിൽ പോലും എല്ലാവരുടെയും മനോകാമനകൾ പൂർത്തീകരിച്ചുവന്നു. സന്ദേശിമാർക്കുപോലും കാണിച്ചുകൊടുത്തിട്ടുണ്ട്– എങ്ങനെയാണ് ഭക്തർ തപസ്യയും പൂജയുമെല്ലാം ചെയ്യുന്നത്, ദേവിമാരെ അലങ്കരിച്ച്, പൂജയെല്ലാം ചെയ്ത് പിന്നീട് സമുദ്രത്തിൽ ചെന്ന് മുക്കിക്കളയുന്നു. എത്രയാണ് ചിലവാകുന്നത്. ചോദിക്കൂ ഇതെപ്പോഴാണ് തുടങ്ങിയത് ? അപ്പോൾ പറയും പരമ്പരയായി തുടർന്നുവന്നതാണെന്ന്. എത്രയാണ് അലഞ്ഞുകൊണ്ടിരിക്കുന്നത്. ഇതും എല്ലാം ഡ്രാമയാണ്.

ബാബ വീണ്ടും – വീണ്ടും കുട്ടികൾക്ക് മനസ്സിലാക്കിതരുന്നു ഞാൻ നിങ്ങളെ വളരെ മധുരമുള്ളവരാക്കി മാറ്റാൻ വന്നിരിക്കുകയാണ്. ഈ ദേവതകൾ എത്ര മധുരമുള്ളവരാണ്. ഇപ്പോഴാണെങ്കിൽ മനുഷ്യർ എത്ര കയ്പ്പുള്ളവരാണ്. ആരാണോ ബാബയെ ഒരുപാട് സഹായിച്ചിട്ടുണ്ടായിരുന്നത്, അവരുടെ പൂജ ചെയ്തുകൊണ്ടെയിരിക്കുന്നു. നിങ്ങളുടെ പൂജയും ഉണ്ടാകുന്നുണ്ട്, നിങ്ങൾ പദവിയും ഉയർന്നത് പ്രാപ്തമാക്കുന്നുണ്ട്. ബാബ സ്വയം പറയുന്നു ഞാൻ നിങ്ങളെ എന്നെക്കാൾ ഉയർന്നതാക്കി മാറ്റുന്നു. ശ്രീമതം ഉയർന്നതിലും വെച്ച് ഉയർന്ന ഭഗവാന്റേതാണ്.കൃഷ്ണനെ പറയാൻ സാധിക്കില്ല. ഗീതയിലും ശ്രീമതം പ്രസിദ്ധമാണ്. കൃഷ്ണനാണെങ്കിൽ ഇപ്പോൾ ബാബയിൽ നിന്ന് സമ്പത്തെടുത്തു കൊണ്ടിരിക്കുകയാണ്. കൃഷ്ണന്റെ ആത്മാവിന്റെ രഥത്തിൽ ബാബ പ്രവേശിച്ചിരിക്കുകയാണ്. എത്ര അൽഭുതകരമായ കാര്യമാണ്. ഒരിക്കലും ആരുടെയും ബുദ്ധിയിൽ വരില്ല. മനസ്സിലാക്കുന്നവർക്കും മനസ്സിലാക്കി കൊടുക്കാൻ വളരെ പരിശ്രമമാണ്. ബാബ എത്ര നല്ല രീതിയിലാണ് കുട്ടികൾക്ക് മനസ്സിലാക്കികൊടുക്കുന്നത്. ബാബ എഴുതുന്നു സർവോത്തമരായ ബ്രഹ്മാമുഖ വംശാവലികളായ ബ്രാഹ്മണർ. നിങ്ങൾ ഉയർന്ന സേവനം ചെയ്യുമ്പോൾ ഈ സമ്മാനം ലഭിക്കുന്നു. നിങ്ങൾ ബാബയുടെ സഹയോഗികളായി മാറുമ്പോൾ എല്ലാവർക്കും സമ്മാനം ലഭിക്കുന്നു – നമ്പർവൈസ് പുരുഷാർത്ഥമനുസരിച്ച്. നിങ്ങളിലും ഒരുപാട് ശക്തിയുണ്ട്. നിങ്ങൾക്ക് മനുഷ്യരെ സ്വർഗ്ഗത്തിലെ അധികാരിയാക്കി മാറ്റാൻ സാധിക്കും. നിങ്ങൾ ആത്മീയ സേനകളാണ്. നിങ്ങൾ ഈ ബാഡ്ജ് ധരിക്കുന്നില്ലായെന്നുണ്ടെങ്കിൽ മനുഷ്യർ എങ്ങനെ മനസ്സിലാക്കും ഇവരും ആത്മീയ മിലിട്ടറിയാണെന്ന്. മിലിട്ടറിയിലുള്ളവർക്ക് എപ്പോഴും ബാഡ്ജ് ഉണ്ടായിരിക്കും. ശിവബാബയാണ് പുതിയ ലോകത്തിന്റെ രചയിതാവ്. ഇവിടെ ഈ ദേവതകളുടെ രാജ്യമായിരുന്നു, ഇപ്പോൾ ഇല്ല. പിന്നീട് ബാബ പറയുന്നു മന്മനാഭവ. ദേഹ സഹിതം എല്ലാ സംബന്ധങ്ങളെയും ഉപേക്ഷിച്ച് എന്നെ മാത്രം ഓർമിക്കൂ എന്നാൽ കൃഷ്ണന്റെ കുലത്തിലേക്ക് വരും. ഇതിൽ ലജ്ജയുടെ കാര്യമില്ല. ബാബയുടെ ഓർമ്മ ഉണ്ടായിരിക്കും. ബാബ ഈ ബ്രഹ്മാവിനെയും കുറിച്ച് പറയുന്നുണ്ട് ഇവർ നാരായണന്റെ പൂജ ചെയ്യുകയായിരുന്നു, നാരായണന്റെ മൂർത്തി കൂടെ ഉണ്ടാകുമായിരുന്നു. നടക്കുമ്പോഴും കറങ്ങുമ്പോഴും നാരായണനെ നോക്കുമായിരുന്നു. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ജ്ഞാനമുണ്ട്, ബാഡ്ജ് തീർച്ചയായും ഉണ്ടായിരിക്ക

ണം. നിങ്ങളാണ് നരനെ നാരായണനാക്കി മാറ്റുന്നവർ. രാജയോഗവും നിങ്ങൾ തന്നെയാണ് പഠിപ്പിക്കുന്നത്. നരനിൽ നിന്ന് നാരായണനാക്കി മാറ്റുന്നതിന്റെ സേവനം ചെയ്യുന്നു. സ്വയത്തെ നോക്കണം എന്നിൽ ഒരു അവഗുണങ്ങളുമില്ലല്ലോ ?

നിങ്ങൾ കുട്ടികൾ ബാപ്ദാദയുടെ അടുത്തേക്കാണ് വരുന്നത്, അച്ഛനാണ് ശിവബാബ, ദാദയാണ് ബാബയുടെ രഥം. ബാബ തീർച്ചയായും രഥത്തിലൂടെയല്ലെ കണ്ടുമുട്ടുകയുള്ളൂ. ബാബയുടെ അടുത്ത് വരുന്നു, റിഫ്രഷാകാൻ. സൻമുഖത്തിരിക്കുന്നതിലൂടെ ഓർമ്മ വരുന്നു. ബാബ വന്നിരിക്കുന്നു കൊണ്ടുപോകാൻ. ബാബ സൻമുഖത്ത് ഇരിക്കുകയാണെങ്കിൽ കൂടുതൽ ഓർമ്മ വരണം. തന്റെ ഓർമ്മയുടെ യാത്രയെ അവിടെയും (മധുബൻ)നിങ്ങൾക്ക് ദിവസവും വർദ്ധിപ്പിക്കാൻ സാധിക്കും. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യസാരം-

1. സ്വയത്തെ നോക്കണം നമ്മളിൽ ഒരു അവഗുണമൊന്നുമില്ലല്ലോ ! ദേവതകൾ എങ്ങനെയാണോ മധുരമുള്ളവർ, അങ്ങനെ മധുരമുള്ളവരായി മാറിയിട്ടുണ്ടോ ?

2. ബാബയുടെ ശ്രേഷ്ഠത്തിലും ശ്രേഷ്ഠമായ ശ്രീമത്തിലൂടെ നടന്ന് തന്റെ രാജധാനി സ്ഥാപിക്കണം. സേവാധാരിയായി മാറുന്നതിനു വേണ്ടി സൃഷ്ടിയുടെ ആദി- മദ്ധ്യ- അന്ത്യത്തിന്റെയും, സ്വർഗ്ഗത്തിന്റെയും നരകത്തിന്റെയും ജ്ഞാനം ബുദ്ധിയിൽ കറക്കണം.

## വരദാനം:- ഈശ്വരന്റെ സഹായികളാണെന്ന സ്മൃതിയിലൂടെ സഹജമായ ഓർമ്മയുടെ അനുഭവം ചെയ്യുന്ന  സഹജയോഗിയായി ഭവിക്കട്ടെ.

ഈശ്വരന്റെ സഹായി അർത്ഥം ആരാണോ ഈശ്വരൻ അഥവാ അച്ഛനെ സഹായിച്ചവർ, ആ സേവനത്തിൽ തന്നെ സദാ തത്പരരായിരിക്കുന്നവർ. സദാ ഈ ലഹരി ഉണ്ടായിരിക്കണം അതായത് നമുക്ക് സ്വയം ഭഗവാൻ സഹായം നൽകിയതാണ്. കാര്യങ്ങൾ നിർവ്വഹിച്ചുകൊണ്ടും, ആരാണോ അത് ഏൽപ്പിച്ചത് അവരെ ഒരിക്കലും മറക്കാറില്ല. അതിനാൽ കർമ്മണാ സേവയിലും ഈ സ്മൃതിയുണ്ടായിരിക്കണം ബാബയുടെ നിർദ്ദേശമനുസരിച്ച് ചെയ്തുകൊണ്ടിരിക്കുകയാണ് എങ്കിൽ സഹജമായ ഓർമ്മയുടെ അനുഭവം ചെയ്തുകൊണ്ട് സഹജയോഗിയായി മാറാൻ സാധിക്കും.

## സ്ലോഗൻ:- സദാ ഈശ്വരീയ വിദ്യാർത്ഥി ജീവിതത്തിന്റെ സ്മൃതിയിലിരിക്കൂ എങ്കിൽ മായക്ക് സമീപത്ത് വരാൻ സാധിക്കില്ല.

**അവ്യക്ത സൂചനകൾ- ഇപ്പോൾ ഉന്മേഷത്തിന്റെ അഗ്നിയെ പ്രജ്വലിതമാക്കി യോഗത്തെ ജ്വാലാരൂപമാക്കൂ.**

എത്രയും സ്ഥാപനക്ക് നിമിത്തമായിട്ടുള്ളവർ ജ്വാലാ-രൂപമാകുന്നുവോ അത്രയും വിനാശജ്വാല പ്രത്യക്ഷമാകും. സംഘടിതമായ ജ്വാലാ-രൂപമായിട്ടുള്ള ഓർമ്മ വിശ്വത്തിന്റെ വിനാശത്തിന്റെ കാര്യം സമ്പന്നമാക്കും, ഇതിനുവേണ്ടി ഓരോ സേവാകേന്ദ്രത്തിലും വിശേഷയോഗത്തിന്റെ പ്രോഗ്രാം നടന്നുകൊണ്ടിരിക്കണം എങ്കിൽ വിനാശജ്വാലയുടെ പങ്ക പ്രവർത്തിക്കും. യോഗ-അഗ്നിയിലൂടെ വിനാശത്തിന്റെ അഗ്നി ജ്വലിക്കും, ജ്വാലയിലൂടെ ജ്വാല പ്രജ്വലിതമാകും.